# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 269 06.01.2014-ൽ മറുപടിയ്ക്ക്

## ശ്രീ.ജയപ്രസാദിനെ മർദ്ദിച്ച പോലീസുകാർക്കെതിരെയുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. ശിവൻകുട്ടി | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിലെ ആനയറയിൽ 2013 സെപ്റ്റംബർ 4-ന് പ്രതിഷേധസമരത്തിൽ പങ്കെടുത്ത ശ്രീ.ജയപ്രസാദ് എന്നയാളുടെ ജനനേന്ദ്രിയത്തിൽ പിടിച്ച് തൊഴിക്കുകയും ലാത്തികൊണ്ട് കുത്തുകയും ചെയ്ത എസ്.ഐ. ശ്രീ.വിജയദാസ് ഇപ്പോഴും പോലീസ് സർവ്വീസിൽ തുടരുന്നുണ്ടോ;<br><br>(ബി) ജനനേന്ദ്രിയം തകർക്കാൻ ഇദ്ദേഹത്തോടൊപ്പം കൂട്ടുനിന്ന പോലീസുകാർ ആരൊക്കെയാണ്; അവർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) & (ബി) ഇല്ല. ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് ശാസ്ത്രീയമായ അന്വേഷണം തുടർന്നു വരുന്നു. അന്വേഷണം പൂർത്തിയായാൽ മാത്രമേ മറ്റു വിവരങ്ങൾ വെളിവാകുകയുള്ളൂ. |
| (സി) പ്രസ്തുത പോലീസുകാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം കുറ്റത്തിന് ഏതെല്ലാം വകുപ്പുകൾ പ്രകാരമെന്ന് വിശദമാക്കാമോ? | (സി) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പേട്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1275/2013 ആയി 314, 323, 324, 506(1), 34 ഐ.പി.സി വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചുമത്തിയാണ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ